(സി) നാല് ഏക്കറിന് കൂടുതൽ ഇപ്രകാരം കൈവശം വച്ച് വന്നവരിൽ നിന്നും നിയമം നിലവിൽ വന്നതിനുശേഷം എത്ര ഏക്കർ ഭൂമി മിച്ചഭൂമിയായി ലഭിച്ചിട്ടുണ്ട്?

ഉത്തരം

(എ-സി) കേരള ഭൂപരിഷ്കരണ നിയമം നിലവിൽ വന്നത് മുതൽ കേരള ഭൂപരിഷ്കരണ (ഭേദഗതി) നിയമം, 2005 പ്രാബല്യത്തിൽ വന്നതുവരെയുള്ള കാലയളവിൽ മിച്ചഭൂമിയാണ് എന്നറിയാതെ ജന്മിമാരിൽ നിന്നും വില നൽകി വാങ്ങിയതോ മറ്റ് വിധത്തിലോ നാല് ഏക്കർ ഭൂമി വരെ കൈവശം വച്ചുവരുന്നവരെ കുടിയാനായി കണക്കാക്കുന്നതിനായിട്ടാണ് കേരള ഭൂപരിഷ്കരണ (ഭേദഗതി) ബില്ല് 2013-ലൂടെ ലക്ഷ്യമിടുന്നത്. ടി ബില്ല് കേരള നിയമസഭ പാസാക്കിയിട്ടുണ്ട്. ആയത് ഇന്ത്യൻ പ്രസിഡന്റിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. പ്രസിഡന്റിന്റെ അംഗീകാരം ലഭിച്ചതിനു ശേഷം ടി നിയമത്തിനാവശ്യമായ ചട്ടങ്ങൾ രൂപീകരിച്ച് ആയത് പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. നിയമം പ്രാബല്യത്തിൽ വരുന്ന തീയതിക്ക് ശേഷം ലഭ്യമാകുന്ന അപേക്ഷകൾ കൂടി പരിഗണിച്ചുകൊണ്ട് മാത്രമേ പട്ടയം ലഭിക്കാൻ അർഹതയുള്ളവരുടെ എണ്ണവും സർക്കാരിന് ലഭിക്കുന്ന മിച്ചഭൂമിയുടെ കണക്കും ലഭ്യമാകുകയുള്ളൂ.

ചേർത്തല മിനിസിവിൽ സ്റ്റേഷൻ ശുചിയാക്കാൻ നടപടി

134(4765) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേർത്തല മിനിസിവിൽ സ്റ്റേഷൻ കെട്ടിടവും പരിസരവും വൃത്തിയാക്കുന്നതിന് നിലവിൽ എന്ത് സംവിധാനമാണുള്ളത് എന്ന് വ്യക്തമാക്കുമോ; തിരക്കേറിയ ഈ ഓഫീസിലെത്തുന്ന ജനങ്ങൾക്ക് പ്രാഥമിക സൗകര്യങ്ങൾക്കും വിശ്രമിക്കുന്നതിനും യാതൊരു സംവിധാനവും ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവിടം വൃത്തിഹീനമായി കിടക്കുന്നതിനാൽ പൊതുജനങ്ങൾക്കും ജീവനക്കാർക്കും ഉണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് മിനി സിവിൽസ്റ്റേഷന്റെ സമഗ്രമായ ശുചീകരണത്തിനും ഓഫീസുകളുടെയും കോമ്പൗണ്ടിന്റെയും സംരക്ഷണത്തിനും വേണ്ട ക്രമീകരണങ്ങൾ ഉണ്ടാക്കുമോ ;

(ബി) ചേർത്തല മിനി സിവിൽ സ്റ്റേഷനിൽ രാത്രികാല ഡ്യൂട്ടിക്ക് ഒരു വാച്ച്മാനെ നിയമിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) ചേർത്തല മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന ചില ഓഫീസുകളിൽ കാഷ്വൽ സ്വീപ്പർമാരുണ്ടെങ്കിലും അവർ ബന്ധപ്പെട്ട ഓഫീസുകൾ മാത്രമാണ് വൃത്തിയാക്കുന്നത്. കെട്ടിടത്തിന്റെ പൊതുവായിട്ടുള്ള ഭാഗങ്ങളും പരിസര പ്രദേശങ്ങളും ടോയ്ലറ്റ്, വാഷ്ബേസിൻ എന്നിവയും വൃത്തിയാക്കുന്നതിന് നിലവിൽ സ്ഥിരം സംവിധാനമൊന്നും ഏർപ്പെടുത്തിയിട്ടില്ല. മിനിസിവിൽ സ്റ്റേഷനിലെ വിവിധ ഓഫീസുകളിലെത്തുന്ന ജനങ്ങൾക്ക് പ്രാഥമിക സൗകര്യങ്ങൾക്കും വിശ്രമിക്കുന്നതിനും വേണ്ടത്ര സൗകര്യങ്ങളില്ല. ചേർത്തല എം.എൽ.എ-യുടെയും നഗരസഭ ചെയർപേഴ്സന്റെയും നേതൃത്വത്തിൽ സിവിൽസ്റ്റേഷനിലെ ജീവനക്കാരെല്ലാം ചേർന്ന് ടി കെട്ടിടവും പരിസരവും വൃത്തിയാക്കിയിട്ടുള്ളതും തുടർന്നുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് വേസ്റ്റ്ബിൻ സ്ഥാപിച്ചിട്ടുള്ളതുമാണ്. മിനി സിവിൽ സ്റ്റേഷൻ കെട്ടിടവും പരിസരവും സുരക്ഷിതമാക്കുന്നതിനായി നൈറ്റ് വാച്ച്മാനെ നിയമിച്ച് സെക്യൂരിറ്റി സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ചുള്ള ശുപാർശ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കാവുന്നതാണ്.

കാസർകോട് വില്ലേജിൽ ഭൂമി കിട്ടാനുള്ള കുടുംബങ്ങൾ

135(4766) ശ്രീ. എൻ .എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് വില്ലേജിൽ ഫയൽ നമ്പർ 10/11 പ്രകാരം എത്ര കുടുംബങ്ങൾക്കാണ് ഭൂമി കിട്ടാനുള്ളത്; പ്രസ്തുത ഫയൽ തീർപ്പാകാതെ അനന്തമായി നീളുന്നതിന്റെ കാരണമെന്താണ്;

(ബി) കാസർകോട് കളക്ടറേറ്റിൽ C3-31424/13 നമ്പർ ഫയൽ പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ടതാണോ; ഈ ഫയലിൽ തീരുമാനം ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ തീരുമാനത്തിന്റെ വിശദാംശങ്ങളും ഇല്ലെങ്കിൽ അതിനുള്ള കാരണവും വിശദമാക്കുമോ?

ഉത്തരം

(എ) 5 കുടുംബങ്ങൾക്ക് പട്ടയം നൽകാനുണ്ട്. ഈ കുടുംബങ്ങൾക്ക് പതിച്ചു കൊടുക്കേണ്ടുന്ന ഭൂമിയുടെ വിസ്തീർണ്ണംസംബന്ധിച്ച് വ്യക്തതയില്ലാത്തതിനാലാണ് ഫയൽ തീർപ്പാകാതെ നീളുന്നത്.

(ബി) അതെ. പതിച്ചു കൊടുക്കേണ്ടുന്ന ഭൂമിയുടെ വിസ്തീർണ്ണത്തിൽ വ്യത്യാസമുള്ളതിനാൽ ഇതുസംബന്ധിച്ച് വ്യക്തത വരുത്തി ഫയൽ നടപടികൾ പൂർത്തീകരിക്കുന്നതാണ്.